## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

റിപ്പോർട്ട് പരിഗണന

ശ്രീ. റ്റി.എൻ. പ്രതാപൻ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 14-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് : ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2012-ലെ കേരള അർബുദ രോഗികളുടെയും വൃക്ക, കരൾ രോഗികളുടെയും ആരോഗ്യപരിപാലന ബിൽ

(നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ ഒന്നാമത്തെ അനൗദ്യോഗിക പ്രമേയം അവതരിപ്പിക്കിപ്പെട്ടില്ല.)

(ii) 2013-ലെ കേരള സംസ്ഥാന ലഹരി വിമോചന അതോറിറ്റി ബിൽ

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ 2013-ലെ കേരള സംസ്ഥാന ലഹരി വിമോചന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ കെ. കെ. നാരായണൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

2013-ലെ കേരള സംസ്ഥാന ലഹരി വിമോചന അതോറിറ്റി ബിൽ

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ശ്രീ. രാജു എബ്രഹാം നോട്ടീസ് നൽകിയിട്ടുള്ള 2013-ലെ കേരള സംസ്ഥാന ലഹരി വിമോചന അതോറിറ്റി ബിൽ, വ്യാപകമായ ലഹരി വിമോചന കേന്ദ്രങ്ങൾ സമൂഹത്തിന് ദോഷകരമായ സാഹചര്യത്തിൽ ഇവ നിരീക്ഷിക്കാനും ലഹരി ഉപയോഗത്തിനെതിരെ പ്രചാരണം നടത്തുന്നതിനും അതോറിറ്റി രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ ലഹരി വിമോചന കേന്ദ്രങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുന്നതുമായി ബന്ധപ്പെട്ട് ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ ഇത്തരം കേന്ദ്രങ്ങൾ പരിശോധിക്കുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. ലഹരിമരുന്നുകളുടെ വ്യാപാരവും ഉപയോഗവും തടയുന്നതിന് ആരോഗ്യം, എക്സൈസ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ലഹരി വസ്തുക്കളുടെ ഉപഭോഗം തടയുന്നതിന് ബോധ വത്കരണ പ്രവർത്തനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് ലഭ്യമാക്കുന്നതിനായി സാമൂഹ്യ നീതി വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ കേരളത്തിൽ ഓരോ താലൂക്കിലും ഡീ-അഡിക്ഷൻ സെന്ററുകൾ എൻ.ജി.ഒ. സെക്ടറിൽ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ ലഹരി വിമോചന പ്രവർത്തനങ്ങൾ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ഊർജ്ജിത മായി നടപ്പിലാക്കിവരുന്ന സാഹചര്യത്തിലും ഈ ബില്ലിൽ നിർദ്ദേശിച്ചിട്ടുള്ള തിൻപ്രകാരമുള്ള ചുമതലകളും അധികാരങ്ങളും ഇപ്പോൾത്തന്നെ സാമൂഹ്യനീതി വകുപ്പുൾപ്പെടെയുള്ള വിവിധ വകുപ്പുകൾ മുഖേന നടപ്പി ലാക്കിവരുന്ന സാഹചര്യത്തിലും അതോറിറ്റി രൂപീകരിക്കുന്നതിനായുള്ള

ഈ ബിൽ അനുവദിക്കേണ്ട സാഹചര്യം നിലവിലുണ്ടെന്ന് സർക്കാർ കരുതുന്നില്ല.

2013-ലെ കേരള സംസ്ഥാന ലഹരി വിമോചന അതോറിറ്റി ബിൽ

ശ്രീ. രാജു എബ്രഹാം: സർ, വളരെ ഗൗരവമായ ഒരു പ്രശ്നം ഈ ബില്ലിലൂടെ സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും സംസ്ഥാന ഗവൺമെന്റിനെക്കൊണ്ട് ഇക്കാര്യത്തിൽ ഒരു അതോറിറ്റി രൂപീകരിക്കണമെന്നതുമാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. ഇത് ഗവൺമെന്റ് പുന: പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ലഹരി വിമോചന കേന്ദ്രങ്ങളുടെ നടത്തിപ്പ് സാമൂഹ്യക്ഷേമ വകുപ്പാണ് ചെയ്യുന്നതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. സാമൂഹ്യക്ഷേമ വകുപ്പിനെ ഞാൻ വിലകുറച്ച് കാണുകയല്ല. പക്ഷേ അത് പൂർണ്ണപരാജയമാണ്. അവർക്ക് ഒന്നുംതന്നെ ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുന്നില്ല. ലഹരി ഉപയോഗിക്കുന്നവരുടെ എണ്ണം പതിൻമടങ്ങ് വർദ്ധിക്കുകയാണ്. ഫലപ്രദമായി സാമൂഹ്യക്ഷേമവകുപ്പ് ഇക്കാര്യത്തിൽ പ്രവർത്തിച്ചിരുന്നെങ്കിൽ അവരുടെ എണ്ണം കുറയ്ക്കാൻ കഴിയുമായിരുന്നു. പകരം മദ്യം ഉപയോഗിക്കുന്നവരുടെയും പാൻപരാഗ് പോലെയുള്ള മറ്റ് ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നവരുടെയുമെല്ലാം എണ്ണം വർദ്ധിക്കുകയാണ്. ഏറ്റവും ഒടുവിൽ തലസ്ഥാന നഗരിയിൽ കഞ്ചാവ് വേട്ട തന്നെയാണ് നടന്നത്. കഞ്ചാവും ഹാഷിഷും അതുപോലയുള്ള നിരവധി ലഹരി വസ്തുക്കളുടെയും വലിയ ഉപയോഗമാണ് ഇന്ന് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. തീർച്ചയായും ഇത് വളരെ ഗൗരവമായി കാണേണ്ട പ്രശ്നം തന്നെയാണ്. ഇവിടെ വേണ്ടത് ബോധവത്കരണമാണ്. ഏത് വകുപ്പാണ് ഇക്കാര്യത്തിൽ ബോധവത്കരണം

നടത്തുന്നത്? വിമോചന കേന്ദ്രങ്ങൾ പലതും വ്യാജമാണ്. നല്ല നിലയിൽ നടക്കുന്ന വിമോചന കേന്ദ്രങ്ങൾ ഇല്ലെന്ന് ഞാൻ പറയുന്നില്ല, നല്ല നിലയിൽ നടക്കുന്ന വിമോചന കേന്ദ്രങ്ങളും ഇവിടെയുണ്ട്. നമ്മുടെ സിനിമകൾ ലഹരിയെ പ്രോത്സാഹിപ്പിക്കില്ല എന്നുപറഞ്ഞിട്ട് ലഹരിയെ പ്രോത്സാഹിപ്പി ക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഒരു സിനിമാനടിക്കെതിരേ കേസ് വന്നു. വളരെ അപൂർവ്വങ്ങളിൽ അപൂർവ്വമായി വന്ന കേസ് മാത്രമാണത്. സിഗരറ്റ് കത്തിച്ചുപിടിച്ചിരിക്കുന്ന പടം പോസ്റ്ററിൽ വന്ന കാരണത്താൽ ഒരു സിനിമാ നടനെതിരായിട്ടും കേസ് വന്നു. 'കള്ളോളം നല്ലൊരു വസ്തു ഭൂലോകത്തില്ല മാളോരേ', എന്നുള്ള സിനിമാ ഗാനം പോലുമുണ്ട്. കള്ള് മോശമാണെന്ന് ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട മാണി സാറുപോലും നീരയെ അംഗീകരിച്ചതാണ്. 'കരിമീൻ പൊരിച്ചതുണ്ട്, അയല വറുത്തതുണ്ട്, കുടംപുളിയിട്ടുവച്ച നല്ല ചെമ്മീൻ കറിയുണ്ട്' ഈ പാട്ട് ലോക ഹിറ്റായ പാട്ടാണ്. ഇവിടെയെല്ലാം കള്ളിനെ പ്രോത്സാഹിപ്പിക്കുന്നതാണ് നാം കാണു ന്നത്. കള്ള് എന്നുപറഞ്ഞാൽ നീരയല്ല. റോയൽ സല്യൂട്ടിനെവരെ ഇപ്പോൾ കള്ള് എന്നാണ് നമ്മുടെ നാട്ടിൽ പറയുന്നത്. ആ ഒരു രീതിയിലേക്ക് നമ്മുടെ ജീവിതശൈലി തന്നെ മാറുന്നു. ആദിമ മനുഷ്യൻ മുതൽ ലഹരിയുടെ ഭാഗമാണ്. അവൻ ഇലകളിൽനിന്നും അല്ലെങ്കിൽ മരത്തിന്റെ കറകളിൽനിന്നും ലഹരി ഉണ്ടാക്കിയിരുന്നെങ്കിൽ ഇന്ന് ഏറ്റവും ഒടുവിൽ ഇരുപതും മുപ്പതും വർഷം പഴക്കമുള്ള മദ്യത്തിൽ എത്തിനിൽക്കുന്ന ഒരു അവസ്ഥയാണുള്ളത്. വിവാഹമാണെങ്കിലും മരണമാണങ്കിലും സന്തോഷ ത്തിനും ദുഖത്തിനും മദ്യം. ഈയടുത്ത കാലത്ത് വന്ന വാർത്ത – പ്ലസ് ടു ക്ലാസ്സുകളിലെ ബാക്ക്ബെഞ്ചിൽ ഇരിക്കാൻ കുട്ടികൾ മടിക്കുന്നു. കാരണം

ഏറ്റവും കൂടുതൽ കള്ള് കുടിക്കുന്ന കുട്ടികളാണ് പല സ്കൂളുകളിലും പ്ലസ്ടു ക്ലാസിലിരിക്കുന്നത് – കുറച്ച് അതിഭാവുകത്വമുണ്ടാകും എങ്കിൽപ്പോലും ആ നിലയിലേക്ക് നമ്മുടെ മദ്യപാനശീലം മാറിയിരിക്കുന്നു. 18 വയസ്സിൽത്താഴെയുള്ള ആളുകൾക്ക് കള്ള് കൊടുക്കാൻ പാടില്ല എന്ന നിയമം വരുന്നുവെന്ന് ചോദ്യോത്തരവേളയിൽ പറഞ്ഞു. എങ്ങനെയാണ് 18 വയസ്സ് നിർണ്ണയിക്കുന്നത്; എന്താണ് ഇതിന്റെ മാനദണ്ഡം; ബെർത്ത് സർട്ടി ഫിക്കറ്റാണോ സ്കൂൾ സർട്ടിഫിക്കറ്റാണോ? ഒരു വ്യക്തത ഇക്കാര്യത്തിലു ണ്ടാകണം. അമേരിക്കയിലും അതുപോലെയുള്ള മറ്റുരാജ്യങ്ങളിലും 18 വയസ്സിൽ താഴെയുള്ളവർക്ക് മദ്യം കൊടുത്താൽ 12 വർഷം തടവുശിക്ഷ യാണ് ലഭിക്കുന്നത്. കുമരകത്തെ ബോട്ടിനെപ്പോലെ, ബിവറേജസ് കോർപ്പറേ ഷന്റെ മുമ്പിൽ ക്യൂ നിൽക്കുന്ന ആളുകൾ ഗോഡ്സ് ഓൺ കൺട്രിയായ നമ്മുടെ കേരളത്തിന്റെ മറ്റൊരു മുഖമുദ്രയാണ്. ഏറ്റവും അച്ചടക്കത്തോടെ മലയാളികൾ ക്യൂ നിൽക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രം ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളാണ്. മതസൗഹാർദ്ദത്തിന്റെ കേന്ദ്രം കൂടി യായി അത് ഇന്ന് മാറിയിട്ടുണ്ട്. മദ്യനിരോധനം പ്രായോഗികമല്ല. ബോധവത്കരണമാണ് ഏറ്റവും ആവശ്യം. മൊറാർജി ദേശായി പ്രധാനമന്ത്രി യായിരിക്കുന്ന കാലത്താണ് മഹാരാഷ്ട്രയിൽ മദ്യം നിരോധിച്ചത്. അന്നാണ് ഹാജി മസ്താനുണ്ടായത്. മദ്യം കടത്താൻ വന്ന ആളാണ് ഹാജി മസ്താൻ. അധോലോക സംഘങ്ങളാണ് ഈ നിരോധനം വന്നാലുണ്ടാകുന്നത്. നിരോധനം പ്രായോഗികമല്ല, ബോധവത്കരണമാണ് വേണ്ടത്.

(ചർച്ച തുടരും)

(3) 2013-ലെ കേരള ആരോഗ്യ അവകാശ സംരക്ഷണ ബിൽ

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ 2013-ലെ കേരള ആരോഗ്യ അവകാശ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീമതി കെ.കെ.ലതിക : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

2013- ലെ കേരള ആരോഗ്യ അവകാശ സംരക്ഷണ ബിൽ

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സർ, ആരോഗ്യ പ്രവർത്തകർക്കെതിരായ അക്രമം നിരോധിക്കുന്നതിന് ആരോഗ്യരക്ഷാ സ്ഥാപനങ്ങളിലെ സ്വത്തിനുള്ള നാശവും നഷ്ടവും തടയുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുവേണ്ടി കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും അക്രമവും സ്വത്തും സ്വത്തിനുള്ള നാശവും തടയൽ ആക്ട് – 2012 സംസ്ഥാനത്ത് നടപ്പിൽ വന്നുകഴിഞ്ഞു. പ്രസ്തുത ആക്ടിന്റെ സെക്ഷൻ 6 അനുസരിച്ച് ഓരോ ആരോഗ്യ രക്ഷാ സേവന സ്ഥാപനത്തിനും അത്തരം സ്ഥാപനങ്ങൾ നൽകിയ ചികിത്സയെക്കുറിച്ചുള്ള പൂർണ്ണ വിവരം പ്രസ്തുത സ്ഥാപനങ്ങളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ ബന്ധുക്കൾക്കും ലിഖിതമായി നൽകേണ്ട ഉത്തരവാദിത്തമുണ്ട്. വിവരാവകാശ നിയമം ഒരു കേന്ദ്ര നിയമമാണ്. ഇതിന്റെ പരിധിയിൽ സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാരിന് സാധിക്കില്ല. 2012-ലെ മേൽപ്പറഞ്ഞ നിയമത്തിൽ ചികിത്സ സംബന്ധിച്ച രേഖ ലഭ്യമാക്കുന്നതിന് വ്യക്തമായ വ്യവസ്ഥയുള്ളതിനാൽ ഇപ്രകാരമൊരു ബിൽ ആവശ്യമില്ല. ഇത് നിരാകരിക്കുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ഇത്തരമൊരു പ്രധാനപ്പെട്ട ബിൽ നിരാകരിച്ചത് വളരെ ഖേദകരമാണ്. ഇത്തരത്തിലൊരു നിയമം നടപ്പാക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗിക്കുന്ന സ്ഥലങ്ങളിലെല്ലാം പറയുകയാണ്. വളരെ സദുദ്ദേശത്തോടുകൂടി അവതരിപ്പിച്ച ഒരു ബില്ലാണിത്. മറ്റ് ബില്ലുകൾ സദുദ്ദേശമല്ലെന്നല്ല ഞാൻ പറയുന്നത്. കാരണം ഇപ്പോൾ മലയാളികളെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതത്തിന്റെ ഭാഗമാണ് രോഗങ്ങൾ. ഇവിടെ പാവപ്പെട്ട ആളുകൾക്ക് നല്ല ചികിത്സ നിഷേധിക്കപ്പെടുകയാണ്. നല്ല ചികിത്സ എന്നുള്ളത് എല്ലവരുടെയും അവകാശമാണ്. ഇതിൽ പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ ഉള്ള വ്യത്യാസമില്ല. ജനങ്ങൾക്ക് നല്ല ചികിത്സ നൽകേണ്ട കടമ സ്റ്റേറ്റിനാണ്. മറ്റ് പല രാജ്യങ്ങളിലും അതുണ്ട്, പക്ഷേ ഇവിടെ അതില്ല. ഇവിടെയും അത് ഏർപ്പെടുത്തണമെന്നാണ് പ്രധാനമായും ഈ ബില്ലിൽ ചൂണ്ടിക്കാട്ടുന്നത്. രണ്ടാമതായി ആശുപത്രികളിൽ ചികിത്സിച്ചാൽ അതിന്റെ വിശദാംശങ്ങൾ ആശുപത്രി അധികൃതർ നമുക്ക് നൽകാറില്ല. ചികിത്സ സംബന്ധിച്ച എല്ലാ രേഖകളും ലഭിക്കേണ്ടത് ഒരു രോഗിയുടെ അവകാശമാണ്. ഈ രണ്ട് കാര്യങ്ങളാണ് പ്രധാനമായും ഈ ബില്ലിൽ ചൂണ്ടിക്കാട്ടുന്നത്. കേരളം ഇന്ന് ആരോഗ്യ ചികിത്സയുടെ കാര്യത്തിൽ മറ്റേതൊരു രാജ്യത്തെക്കാളും വളരെ മുന്നിലാണ്. തമിഴ്നാട്ടിലെ ഗ്രാമപ്രദേശങ്ങളിൽ ആശുപത്രികൾ വളരെ വിരളമാണ്. എന്നാൽ നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ഹൈടെക് ആശുപത്രികൾ കാണാൻ സാധിക്കും. ഞാൻ രണ്ട് ആഴ്ചയ്ക്കുമുമ്പ് ജയ്പൂരിൽ പോയി. ഇഞ്ചക്ഷനെടുക്കുന്നതിനുവേണ്ടി ഒരു ക്ലിനിക് കണ്ടുപിടിക്കുന്നതിനായി ഈ തലസ്ഥാന നഗരിയിൽ രണ്ട് മൂന്ന് കിലോമീറ്റർ ചുറ്റേണ്ടി വന്നു. പല സ്റ്റേറ്റുകളിലും നഗ

രങ്ങളിൽ മാത്രമാണ് ആശുപത്രികൾ പ്രവർത്തിക്കുന്നത്. ചെന്നൈയിൽ കുറെ നല്ല ആശുപത്രികളുണ്ട്. എന്നാൽ അവിടത്തെ രോഗികൾ മുഴുവൻ മലയാളികളാണ്. കേരളത്തിൽനിന്നുള്ള രോഗികളാണ് കരൾ മാറ്റിവ യ്ക്കാനും ഹൃദയം മാറ്റിവെയ്ക്കാനും അവിടെ എത്തുന്നത്. അവിടത്തുകാർ വളരെ കുറവാണ്. ഹൈടെക് രോഗങ്ങളും ഹൈടെക് ആശുപത്രികളുമാണ് കേരളത്തിന്റെ ഇന്നത്തെ മുഖമുദ്ര. എന്റെ ഒരു സുഹൃത്ത് കരൾ മാറ്റിവ യ്ക്കൽ ശസ്ത്രക്രീയയ്ക്കായി അടുത്തകാലത്ത് എറണാകുളത്തെ ഒരു ആശുപത്രിയിൽ പോയി. 20 ലക്ഷം രൂപയാണ് പ്രസ്തുത ശസ്ത്ര ക്രിയയ്ക്കായി ആശുപത്രി അധികൃതർ ഈടാക്കിയത്. പണമില്ലാത്ത ആളു കൾ മരിക്കുക എന്നുള്ളതാണ് ഇവിടത്തെ അവസ്ഥ. ശരാശരി 17,000 കോടി രൂപയാണ് ഒരു മലയാളി ആരോഗ്യ സംരക്ഷണത്തിന് ചെലവഴിക്കുന്നത്. സംസ്ഥാനത്ത ബഡ്ജറ്റിൽ 40,000 കോടി രൂപയിൽ താഴെയാണ് മാണിസാർ ഇതിനായി അവതരിപ്പിച്ചത്. ഡയബെറ്റിക്സിന്റെ ലോക തലസ്ഥാനം കേരള മാണ്. ഇന്ത്യയിൽ ഡയബറ്റിക് രോഗികൾ ശരാശരി 8 ശതമാനമാണെങ്കിൽ കേരളത്തിൽ അത് 22 ശതമാനമാണ്. ജീവിതശൈലീ രോഗങ്ങളുടെ തല സ്ഥാനമായി ഇന്ന് കേരളം മാറിയിരിക്കുകയാണ്. തമിഴ്നാട്ടിൽ ഇന്ന് പച്ച ക്കറികൾ നടുമ്പോൾതന്നെ മണ്ണിനടിയിൽ ഫ്യുറിഡാൻ ഇടുകയാണ്. ഇപ്ര കാരം കൃഷി ചെയ്യുന്ന പച്ചക്കറികളാണ് നമ്മളിന്ന് കഴിക്കുന്നത്. നമുക്ക് നൽകുന്ന പച്ചക്കറികൾ തമിഴ്നാട്ടിലെ ജനങ്ങൾ ഭക്ഷിക്കാറില്ല. അവർ വേറെ പച്ചക്കറി കൃഷിചെയ്യുകയാണ്. ഇങ്ങനെ വിഷം കഴിച്ച് ക്യാൻസർ രോഗികളായി, അല്ലെങ്കിൽ മറ്റ് രോഗങ്ങൾ പിടിപെട്ട് നമ്മൾ നിത്യരോഗിക ളായി മാറുകയാണ്. ഇന്ത്യാ രാജ്യത്ത് 50,000 കോടി രൂപയുടെ മരുന്ന് ഒരു വർഷം ഉൽപ്പാദിപ്പിക്കുന്നുവെങ്കിൽ അതിൽ 5,000 കോടി രൂപയുടെ മരുന്ന്

ഉപയോഗിക്കുന്നത് മലയാളികളാണ്. ആശുപത്രികളിലെ ചെലവ് വേറെയാണ്. 50,000 കോടി രൂപയുടെ മരുന്ന് ഉൽപ്പാദിപ്പിക്കുന്നതിൽനിന്ന് 20,000 കോടി രൂപയുടെ മരുന്ന് നമ്മൾ കയറ്റുമതി ചെയ്യുകയാണ്. ബാക്കിയുള്ള 30,000 കോടി രൂപയുടെ മരുന്നിൽ 5,000 കോടി രൂപയുടെ മരുന്ന് കേരളത്തിൽ ചെലവഴിക്കുന്നു എന്ന് പറയുമ്പോൾത്തന്നെ കേരളം ആരോഗ്യ പരിരക്ഷണത്തിന് ചെലവഴിക്കുന്ന തുകയിലാണ് ഇത്തരത്തിലുള്ള വലിയ തട്ടിപ്പുകൾ നടക്കുന്നത്. ലാബുകളിലെ പരിശോധന സംബന്ധിച്ച് ഞെട്ടിക്കുന്ന കഥകളാണുള്ളത്. അതുസംബന്ധിച്ച് ഞാൻ കൂടുതൽ പ്രസംഗിക്കുന്നില്ല. ഒരേ ലാബിൽ ഒരാൾതന്നെ പലപ്രാവശ്യം പോയാൽ പല റിസൾട്ടുകളാണ് ലഭിക്കുന്നത്. ദന്തൽ രംഗത്ത്, സർക്കാർ ആശുപത്രിയിൽ പല്ല് പറിക്കുന്നവർ മാത്രമേയുള്ളൂ. അവിടെ മറ്റ് ചികിത്സകളില്ല. ലൈംഗിക ഉത്തേജക മരുന്ന് കമ്പനികൾ നമ്മുടെ മെഡിക്കൽ ഷോപ്പുകളെ സ്വാധീനിക്കുന്നുണ്ട്. ഇന്ന് ആയുർവേദ മരുന്നുകളുടെ കച്ചവടം പരസ്യങ്ങളിലൂടെയാണ് പ്രധാനമായും നടത്തുന്നത്. എയ്ഡ്സിന് മരുന്ന് കണ്ടുപിടിച്ച ആളുകളാണ് നമ്മൾ. തൊലിപ്പുറത്ത് എണ്ണ തേച്ചാൽവണ്ണം കുറയും എന്നുള്ള പരസ്യത്തിൽ ആകൃഷ്ടരായി കോടികളുടെ മരുന്നുകളാണ് ഇവിടെ വിൽക്കുന്നത്. ഒരു മരുന്ന് മാനിയ ഇവിടെ നിലനിൽക്കുകയാണ്. 500 രൂപയ്ക്ക് ലഭിക്കുന്ന മരുന്നുകൾ 10,000 രൂപയ്ക്ക് കേരളത്തിൽ ഇന്ന് വിറ്റഴിക്കപ്പെടുന്നു. നല്ല നിലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളും നല്ല ഡോക്ടർമാരുമുണ്ടെങ്കിലും ഇതിന്റെ മറവിൽ ഏറ്റവും വലിയ തട്ടിപ്പ് നടത്തുന്ന ആശുപത്രികളും ഡോക്ടർമാരും ലാബുകളും നമുക്ക് ഏറ്റവും കൂടുതൽ ഭീഷണി ഉയർത്തുന്നു. ആയതിനാൽ ഇവിടത്തെ പാവപ്പെട്ട ആളുകളെ സംരക്ഷിക്കുന്നതിനായി ഈ ആരോഗ്യ അവകാശ ബിൽ നിയമസഭയിൽ അവതരിപ്പിക്കുകയും അത്

പാസ്സാക്കുകയും കേരളത്തിലെ ജനങ്ങളെ രക്ഷിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതിന് സർക്കാർ മുൻകയ്യെടുക്കണമെന്നാണ് എനിക്ക് ആദ്യഘട്ടത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ചർച്ച തുടരുന്നതാണ്. (ചർച്ച തുടരും).

ശ്രീ. എം. ചന്ദ്രൻ: സർ, ഇപ്രകാരം സമയം നിയന്ത്രിച്ചാൽ സംസാരിക്കാനുള്ള അവസരം നഷ്ടപ്പെടും. ഇത് ശരിയാണോ? ഈ ബില്ലിന്റെ ചർച്ച സമ്പുഷ്ടമാക്കാൻ നമ്മൾ ഇടപെടേണ്ടതല്ലേ?

മി. സ്പീക്കർ: ഇതെല്ലാം ചട്ടപ്രകാരമാണ് പോകുന്നത്. ഇന്ന് വെള്ളിയാഴ്ചയാണ്. ചോദ്യം ചോദിക്കുന്നതിനും മറുപടി പറയുന്നതിനുമെല്ലാം സമയപരിധി നിർബന്ധമായും വേണം. ഇതിനുവേണ്ടി നിയോഗിക്കപ്പെട്ട ഒരു സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഇപ്രകാരം സമയം പരിമിതപ്പെടുത്തിയിരിക്കുന്നത്. മുമ്പ് ധാരാളം ബില്ലുകളുണ്ടായിരുന്നു. ഇപ്പോൾ അത് ക്ലിപ്തപ്പെടുത്തിയിരിക്കുകയാണ്.

### (iv) 2012-ലെ കേരള പരിസ്ഥിതി-സൗഹൃദ വികസന ബിൽ

ശ്രീ. റ്റി.എൻ. പ്രതാപൻ: സർ, 2012-ലെ കേരള പരിസ്ഥിതി-സൗഹൃദ വികസന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇതിന്മേലുള്ള ചർച്ച നടക്കട്ടെ. തത്വത്തിൽ ഇതിനെ ഗവൺമെന്റ് എതിർക്കുന്നില്ല. പക്ഷേ ഇതിൽ ചില

പ്രായോഗിക പ്രശ്നങ്ങളും സാമ്പത്തിക ബുദ്ധിമുട്ടുകളുമുണ്ട്. ഇതിന്റെ പ്രിൻസിപ്പിളിനെക്കുറിച്ച് ഗവൺമെന്റിന് വിരോധമില്ല. പക്ഷേ അതിന്റെ ബാക്കിയുള്ള ആസ്പെക്ടിനെക്കുറിച്ച് ബിൽ എന്നുള്ള നിലയിൽ ഇത് സ്വീകരിക്കാൻ സാധിക്കുകയില്ല.

ശ്രീ. റ്റി.എൻ. പ്രതാപൻ: സർ, ഇന്ന് അന്തർദേശീയ ജലദിനമാണ്. ലോകജനത വളരെ പ്രാധാന്യത്തോടുകൂടി ആചരിക്കുന്ന ദിനമാണിത്. ജലത്തിനുവേണ്ടി കേഴുന്ന പുതിയ സമൂഹത്തിന്റെ കണ്ണുനീരിന്റെ നൂറ്റാണ്ടാണിത്. ഈ ദിവസംതന്നെ പരിസ്ഥിതി സംബന്ധമായ രണ്ട് ബില്ലുകൾ ഈ സഭയിൽ അവതരിപ്പിക്കാനുള്ള അവസരം ലഭിച്ചതിൽ വളരെയേറെ ചാരിതാർത്ഥ്യമുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ സ്വാഭാവിക ജലസ്രോതസ്സുകൾ, തണ്ണീർത്തടങ്ങൾ, ചതുപ്പുകൾ, പാടശേഖരങ്ങൾ, തോടുകൾ മുതലായവ സംരക്ഷിച്ചുകൊണ്ട് വികസന പ്രവർത്തനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഞാൻ 2012-ലെ കേരള പരിസ്ഥിതി - സൗഹൃദവികസന ബിൽ അവതരിപ്പിക്കുന്നത്. ഈ സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഈ ബില്ലിലെ തത്വങ്ങളെ അംഗീകരിച്ചതിൽ, ഈ ബില്ലിന്റെ പ്രാധാന്യം അദ്ദേഹം ചുരുങ്ങിയ വാക്കുകളിലാണെങ്കിലും എടുത്തുപറഞ്ഞതിന് ഗവൺമെന്റിനോടും ഈ ബില്ലിന് മറുപടി പറഞ്ഞ ആഭ്യന്തര വകുപ്പുമന്ത്രിയോടും പ്രത്യേകമായ ചാരിതാർത്ഥ്യം കേരളീയ സമൂഹത്തിനുവേണ്ടി പ്രകടിപ്പിക്കുകയാണ്. കേരളത്തിന്റെ പ്രകൃതി സമ്പത്ത്, ജൈവവൈവിധ്യം പുഴകൾ, തോടുകൾ, ജലാശയങ്ങൾ, തണ്ണീർത്തടങ്ങൾ, ചതുപ്പുകൾ, പാടശേഖരങ്ങൾ, ജലസംഭരണികൾ, വലുതും ചെറുതുമായ കുളങ്ങൾ തുടങ്ങിയവയ്ക്ക് ഒരു തരത്തിലുമുള്ള ശോഷണമോ നാശമോ വികസനം എന്നതിന്റെ പേരിൽ ഉണ്ടാകാതിരിക്കാൻ ലക്ഷ്യമിടുന്നതാണ് ഈ ബിൽ. കേരളത്തിൽ അതിവേഗം

നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ജൈവജലാശയങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും സ്വാഭാവിക ചതുപ്പുകളുടെയും നദികളുടെയും പാടശേഖരങ്ങളുടെയും സംരക്ഷണം പരിസ്ഥിതി സംരക്ഷണത്തിന് അനിവാര്യമാണ്. ഈ കൊച്ചുകേരളത്തിൽ 44 നദികളുണ്ട്, രണ്ട് മഴക്കാലംകൊണ്ട് ശരാശരി 3000 മില്ലീമീറ്ററിലേറെ മഴ ലഭിക്കുന്നു എന്നീ അനുകൂല ഘടകങ്ങളുണ്ടെങ്കിൽപോലും ആളോഹരി ജലലഭ്യതയിൽ കേരളം രാജസ്ഥാനെക്കാൾ പിന്നിലാണെന്നാണ് ഏറ്റവും പുതിയ കണക്കുകൾ വെളിപ്പെടുത്തുന്നത്. പരിസ്ഥിതിക്ക് വൻ ആഘാതങ്ങൾ ഏൽപ്പിക്കുന്ന പ്രക്രിയകൾ സംസ്ഥാനത്ത് വർദ്ധിച്ചുവരികയാണ്. വികസനത്തിന്റെ പേരിലുള്ള അനധികൃത മണൽ ഖനനം, പാറപൊട്ടിക്കൽ തുടങ്ങിയവ പരിസ്ഥിതിക്ക് വൻ വെല്ലുവിളി ഉയർത്തുകയാണ്. ഈ യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഇവിടത്തെ സ്വാഭാവിക ജലസ്രോതസ്സുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ പരിസ്ഥിതി സൗഹൃദ വികസനമെന്ന ആശയം പരമാവധി ജനമനസ്സുകളിൽ എത്തിക്കുവാൻ ശരിയായ ദിശയിലേയ്ക്കുള്ള കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. ഒരുകാരണവശാലും വികസനത്തിന്റെ പേരിൽ ഇവിടത്തെ ഹരിതശോഭ നഷ്ടപ്പെടാതെ സംരക്ഷിക്കേണ്ടതാവശ്യമാണ്. ഇത് വരുംതലമുറയ്ക്ക് വേണ്ടിയുള്ള ധനമാണ്; ദൈവം നമുക്ക് നൽകിയ വരദാനമാണ്. അതുകൊണ്ട് ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നു. ഞാൻ ചർച്ച തുടരുന്നതാണ്. (ചർച്ച തുടരും)

**(v) 2012-ലെ കേരള ജൈവ-പാരിസ്ഥിതിക സംരക്ഷണ ബിൽ**

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, 2012-ലെ കേരള ജൈവ-പാരിസ്ഥിതിക സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, നേരത്തെ അവതരണാനുമതി നിഷേധിച്ചൊരു ബില്ലാണ് വീണ്ടും സഭയുടെ പരിഗണനയ്ക്ക് വരുന്നത്. പക്ഷേ, നേരത്തെ പറഞ്ഞതുപോലെ തന്നെ പരിസ്ഥിതി സൗഹൃദമായിട്ടുള്ളൊരു ഗവൺമെന്റായതുകൊണ്ട് സ്വാഭാവികമായി പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയമായതുകൊണ്ട് അതിന്റെ തത്വത്തോട് ഗവൺമെന്റിന് എതിർപ്പില്ല. പക്ഷേ, ഒരു ബിൽ എന്നുപറയുമ്പോൾ അതിന്റെ സാങ്കേതികത്വം കൂടി പരിശോധിച്ചതിനുശേഷം മാത്രമേ ബിൽ സ്വീകരിക്കണമോ വേണ്ടയോ യെന്ന് പറയാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഈ ബില്ലിന്റെ അവതരണാനുമതി നിഷേധിക്കുന്നില്ല. പക്ഷേ, നേരത്തെ ഒരവതരണാനുമതി നിഷേധിച്ചൊരു ബില്ലാണെന്നുള്ള സത്യം നിലനിൽക്കുകയാണ്. ..................(ബഹളം).................... അവിടെയും ഇവിടെയും നിന്നുകൊണ്ടല്ല, ഇവിടെ നിന്നാണ് പറയുന്നത്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: വളരെ പ്രധാനപ്പെട്ടൊരു ബില്ലാണ് ശ്രീ. റ്റി. എൻ. പ്രതാപൻ ഇവിടെ അവതരിപ്പിച്ചത്. ഞങ്ങൾ ആ ബില്ലിനെ ഉൾക്കൊള്ളുന്നു, ഞങ്ങൾ പോൾ ആവശ്യപ്പെടുന്നു. ബഹുമാനപ്പെട്ട സ്പീക്കർ ഇത് അംഗീകരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ..............................(മൈക്ക് ഓഫ്)............ ശ്രീ. റ്റി. എൻ. പ്രതാപൻ ബിൽ ഇവിടെ അവതരിപ്പിക്കുന്നതല്ലേ യുള്ളൂ. അത് തുടങ്ങുന്നതിനുമുമ്പുതന്നെ ഇങ്ങനെ ബഹളം വയ്ക്കുന്നത് ശരിയാണോ; .......... (ബഹളം)......... മാത്രമല്ല, ബിൽ നിരാകരിക്കുമ്പോഴാണ് പോൾ ആവശ്യപ്പെടേണ്ടത്.

മി.സ്പീക്കർ: ........(ബഹളം).......... ബിൽ നിരാകരിച്ചില്ലല്ലോ; ................ (ബഹളം) ........... ഇവിടെ ശ്രീ. റ്റി. എൻ. പ്രതാപൻ സംസാരിക്കുന്നതല്ലേ യുള്ളൂ.

ശ്രീ. കോവൂർ കുഞ്ഞുമോൻ: ശ്രീ. റ്റി. എൻ. പ്രതാപൻ ഇവിടെ അവത രിപ്പിച്ച രണ്ട് ബില്ലുകളും സഭയ്ക്കും കേരളീയ സമൂഹത്തിനും ആവശ്യമായി ട്ടുള്ള ബില്ലുകളാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഈ ബില്ലുകൾ സ്വീകരിക്കുന്നുവെന്നോ ഇല്ലെന്നോ പറയുന്നില്ല. ചർച്ച തുടരട്ടേ, ഞങ്ങൾ പിന്നീട് നോക്കാമെന്നുള്ള മട്ടിലാണ് ഇവിടെ മറുപടി പറഞ്ഞത്.

മി. സ്പീക്കർ: ..........(ബഹളം)............ ശ്രീ. കോവൂർ കുഞ്ഞുമോൻ,.......... ഒരു വിഷയം ചർച്ചയ്ക്കെടുമ്പോൾ ഗവൺമെന്റിന് അങ്ങനെ പറയാനേ സാധിക്കുകയുള്ളൂ.................(ബഹളം)...........ഇല്ലാത്ത കീഴ്വഴക്കമൊന്നുമുണ്ടാ ക്കേണ്ട................

ശ്രീ. കോവൂർ കുഞ്ഞുമോൻ: കേരളീയ സമൂഹത്തിന് ആവശ്യമായി ട്ടുള്ള ഒരു ബില്ലാണ് ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ചതെങ്കിലും ബഹുമാ നപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അത് നിരാകരിച്ചു. ഞങ്ങൾ അത് അംഗീകരി ക്കുന്നു. പക്ഷേ, അതിനേക്കാൾ പ്രാധാന്യമുള്ള കേരളീയ സമൂഹത്തിന് തീർച്ചയായും ആവശ്യമുള്ള രണ്ട് ബില്ലുകളാണ് ശ്രീ. റ്റി. എൻ. പ്രതാപൻ ലോക ജലദിനത്തോടനുബന്ധിച്ച് ഇവിടെ അവതരിപ്പിച്ചത്. അതുകൊണ്ട്

ഒരംഗമെന്ന നിലയിൽ ഞാൻ പോൾ ആവശ്യപ്പെടുകയാണ്. എനിക്കതിനുള്ള അവകാശമുണ്ട്. ...............(ബഹളം)................

മി. സ്പീക്കർ: പ്രമേയം അവതരിപ്പിച്ച ശ്രീ. റ്റി. എൻ. പ്രതാപൻ ഈ ബിൽ പിൻവലിച്ചിട്ടില്ലല്ലോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, റൂൾസ് ഓഫ് പ്രൊസീഡ്യുവർ അനുസരിച്ചുമാത്രമേ സഭയ്ക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ഒരംഗം ബിൽ അവതരിപ്പിക്കുന്നതിനുള്ള അനുമതി ചോദിക്കുകയും അതിന്റെ തത്വത്തെ ഗവൺമെന്റ് സ്വീകരിക്കുന്നുവെന്ന് പറയുകയും ചെയ്തു. പക്ഷേ, പ്രമേയത്തിന്റെ അവതരണാനുമതി നിഷേധിച്ചിട്ടില്ല. പിന്നെ ഏത് സ്റ്റേറ്റ്ജിലാണ് ഇതിന് പോൾ ആവശ്യപ്പെടുന്നത്.

മി. സ്പീക്കർ: ശ്രീ. കോവൂർ കുഞ്ഞുമോൻ, ഇവിടെ ഓരോ അംഗത്തിനും പോൾ ചോദിക്കാൻ അവകാശമുണ്ട്. പക്ഷേ, ഇവിടെ ശ്രീ. റ്റി. എൻ. പ്രതാപൻ അദ്ദേഹത്തിന്റെ പ്രമേയം പിൻവലിച്ചിട്ടില്ല. പ്രമേയം പിൻവലിക്കുമ്പോൾ മാത്രമേ അതിനെതിരായി പോൾ ആവശ്യപ്പെടുവാനുള്ള അവകാശമുള്ളൂ. ഇവിടെ ആ പ്രശ്നം വന്നില്ല.

ശ്രീ. രാജു എബ്രഹാം: ഇവിടെ ബില്ലിന്മേൽ തീരുമാനമെടുത്തില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി എങ്ങനെയാണ് ഈ സഭയിൽ പറയുന്നത്. ഒന്നുകിൽ ഈ ബിൽ ഗവൺമെന്റ് സ്വീകരിക്കണം; ഈ ബില്ലിന്റെ തത്വത്തെ അംഗീകരിക്കുകയാണെങ്കിൽ ഈ ബിൽ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: കാലാകാലങ്ങളായി പ്രൈവറ്റ് മെമ്പേഴ്സ് ബിൽ ഇവിടെ അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയും ചർച്ച ചെയ്യുകയുമൊക്കെ ചെയ്യുക എന്നൊരു കീഴ്വഴക്കമാണുള്ളത്.

ശ്രീ. രാജു എബ്രഹാം: അങ്ങനെയാണെങ്കിൽ സ്വകാര്യ ബില്ലുകൾ സ്വീകരിച്ച പാരമ്പര്യവും ഈ സഭയ്ക്കുണ്ട്. ഈ ബിൽ അംഗീകരിക്കട്ടേ; യാതൊരു പ്രശ്നവുമില്ല.

മി. സ്പീക്കർ: ശരിയാണ്, നാളെ ഗവൺമെന്റിന് പുനർവിചിന്തനം ഉണ്ടായിക്കൂടെന്നില്ലല്ലോ? ഇവിടെ പ്രമേയം പിൻവലിക്കുന്നുവെന്ന് പ്രമേയാവതാരകനായ ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞിട്ടില്ല. അതുകൊണ്ട് ഇവിടെ പോൾ നടത്തേണ്ടതിന്റെ ആവശ്യകതയില്ല. ശ്രീ. കോവൂർ കുഞ്ഞുമോന്റെ അവകാശത്തെ ആരും ചോദ്യം ചെയ്യുന്നില്ല. ............പ്ലീസ്.........പ്ലീസ്......... ബഹുമാനപ്പെട്ട റ്റി. എൻ. പ്രതാപന് സംസാരിക്കാവുന്നതാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ: ഇന്ന് ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പാലോട് രവി അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിന് മറുപടി പറയവേ വിഷൻ–2030–നെ ആസ്പദമാക്കി പരിസ്ഥിതി സൗഹൃദ വികസനമെന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ട് ഒരു പരിസ്ഥിതി നയം കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പറയുകയുണ്ടായി. അതിനെ വളരെ സന്തോഷത്തോടുകൂടി കാണുകയാണ്. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയും ഈ ബിൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ച സന്ദർഭത്തിൽ വളരെ പോസിറ്റീവായാണ് മറുപടി പറഞ്ഞതിനെയും സന്തോഷത്തോടുകൂടി കാണുകയാണ്. മാനുഷ്യർ ഉൾപ്പെടെയുള്ള ജീവജാലങ്ങളുടെ ആരോഗ്യകരമായ നിലനിൽപ്പ് ഉറപ്പാക്കുവാൻ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തേണ്ടത് അത്യാവശ്യമാണ്. അമിതമായ വിഭവചൂഷണം ഭൂമിയെ നാശത്തിന്റെ വക്കിലെത്തിച്ചിരിക്കുകയാണ്. മണ്ണൊലിപ്പ്, വനനശീകരണം, മലിനീകരണം, വർദ്ധിച്ച ജനസാന്ദ്രത, കാർഷിക മേഖലയിലെ കൃത്രിമ രീതികൾ

എന്നീ പ്രശ്നങ്ങൾ ഭൂമിയുടെ ജൈവ ആവാസവ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുകയാണ്. നമ്മുടെ ജൈവിക സമ്പത്തിന്റെ പരിരക്ഷ ഉറപ്പുവരുത്തേണ്ടത് വർത്തമാന ഭാവി തലമുറകളുടെ നിലനിൽപ്പിനും വികസനത്തിനും അനിവാര്യമാണ്. അതിന് ഗവൺമെന്റിന് വലിയ ബാദ്ധ്യതയും ഉത്തരവാദിത്തവുമുണ്ടെന്നുള്ള കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുകയാണ്. ജൈവവിള ശാക്തീകരണം പരമ്പരാഗത പ്രജനന രീതികൾ മുഖേന ഉറപ്പാക്കുവാൻ പൊതുസമൂഹം തയ്യാറാകണം. ഇതിന് സർക്കാരും അനുബന്ധ ഏജൻസികളും ഒരുപോലെ പദ്ധതികൾ തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കണം. മനുഷ്യരുടെ അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ് ഭവനങ്ങൾ. പക്ഷേ ഇപ്പോൾ ജൈവിക മണ്ഡലത്തിന് ഒട്ടും അനുയോജ്യമല്ലാത്ത ഭവന നിർമ്മാണ രീതികളാണ് അവലംബിച്ചിരിക്കുന്നതെന്നത് വളരെ ഖേദകരമായൊരു വസ്തുതയാണ്. ഇത് വൻ വെല്ലുവിളികളാണ് ഉയർത്തുന്നത്. ജൈവ വളത്തിന്റെയും ജൈവ കീടനാശിനികളുടെയും പ്രചരണവും പ്രയോഗവും വർദ്ധിപ്പിച്ച് ജൈവ പാരിസ്ഥിതിക സംരക്ഷണമുറപ്പുവരുത്തുവാൻ കേരളം ഒറ്റക്കെട്ടായി നീങ്ങേണ്ട സന്ദർഭമാണിത്. ജീവശാക്തീകരണം പകരുന്നതും കരുത്തേകുന്നതുമായ വിളകൾ വ്യാപിപ്പിക്കുവാനുള്ള പ്രോത്സാഹന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി സർക്കാരിന്റെ നേതൃത്വത്തിൽ സമയബന്ധിതമായി നിർവ്വഹിക്കണം. ഭൂവിഭവ സംരക്ഷണ ബോധവത്കരണം അർഹമായ പ്രാധാന്യത്തോടെ പൊതുസമൂഹത്തിലെത്തിക്കുവാൻ യുദ്ധകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾക്ക് രൂപം നൽകണം. പൊതു ഭൂമികളിൽനിന്നും സ്വകാര്യ ഭൂമികളിൽനിന്നും ജലം, മണ്ണ് വൃക്ഷലതാദികൾ, ജൈവ സമ്പത്തുകൾ എന്നിവ അനിയന്ത്രിതമായ തോതിൽ നീക്കം ചെയ്യുന്നത് കർശനമായും

നിയന്ത്രിക്കണം. ഈ ബിൽ സഭയിൽ ചർച്ച ചെയ്യണം; അതിനുവേണ്ടി ഈ ബിൽ അവതരിപ്പിക്കുകയാണ്. ഞാൻ ചർച്ച തുടരുന്നതാണ്. (ചർച്ച തുടരും)

മി. സ്പീക്കർ: ശ്രീ. കോവൂർ കുഞ്ഞുമോൻ, ബില്ലിന്റെ രണ്ടാം ഘട്ട ചർച്ച വരുമ്പോൾ അംഗത്തിന് അര മണിക്കൂറോളം സമയം ചർച്ച ചെയ്യാനായി കിട്ടും. ഈ സഭയുടെ കീഴ്‌വഴക്കമനുസരിച്ച് ആ പ്രസംഗത്തിനുശേഷമാണ് പ്രമേയം അദ്ദേഹം പ്രസ്സ് ചെയ്യുകയോ പ്രസ്സ് ചെയ്യാതിരിക്കുകയോ ചെയ്യുന്നത്. അദ്ദേഹം ബിൽ പിൻവലിക്കുന്ന സന്ദർഭത്തിൽ അങ്ങേയ്ക്ക് വേണമെങ്കിൽ അന്ന് പ്രതികരിക്കാം. ഇന്ന് അതിനുള്ള അവകാശമില്ല.

### (vi) 2012-ലെ കേരള സ്വകാര്യ മേഖലയിലെ സാങ്കേതികവും തൊഴിൽപരവുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ ബിൽ

ശ്രീ. എം. ഹംസ: സർ, 2012-ലെ കേരള സ്വകാര്യ മേഖലയിലെ സാങ്കേതികവും തൊഴിൽപരവുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ചുവടെ പ്രതിപാദിച്ചിട്ടുള്ള സംവിധാനങ്ങൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. (1) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ട് 2007 – സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വയംഭരണം, വിശ്വാ

സ്യത എന്നിവ ഉറപ്പാക്കുക, അക്കാദമിക് മികവും സാമൂഹ്യനീതിയും ഉയർത്തി ഉന്നത വിദ്യാഭ്യാസം ഉറപ്പാക്കി സർക്കാരിന്റെ നയരൂപീകരണ ത്തിനും മറ്റും സഹായിക്കുക, ഉന്നത വിദ്യാഭ്യാസത്തിലൂടെ സംസ്ഥാന ത്തിന്റെ സാമൂഹ്യ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുക എന്നിവയാണ് ഈ ആക്ടിന്റെ പ്രധാന ലക്ഷ്യങ്ങൾ. (2) കേരള സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജ് ആക്ട് 2004 ആക്ട് 17 – കേരള സംസ്ഥാനത്തിലെ സ്വകാര്യ സോഷ്യൽ കോളേജുകളുടെ തലവരി ഫീസ് വാങ്ങുന്നത് നിരോധി ക്കുന്നതിനും വിദ്യാർത്ഥികളുടെ പ്രവേശന ഫീസ്, ഘടന എന്നിവ സംബ ന്ധിച്ചും അനുബന്ധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനുമായി സർക്കാർ രൂപം നൽകിയിട്ടുള്ളതാണ് ഈ ആക്ട്. (3) സർവ്വകലാശാല ആക്ടിന്റെ ചാപ്റ്റർ 8 (എ) – ഈ ആക്ട് പ്രകാരം അൺഎയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക–അനദ്ധ്യാപക ജീവനക്കാരുടെ സേവന–വേതന വ്യവസ്ഥകൾ സംബന്ധിച്ചും പ്രസ്തുത കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനം, തെരഞ്ഞെടുക്കപ്പെടേണ്ട വിധം, നൽകേണ്ട ഫീസ് എന്നിവ സംബന്ധിച്ച് കാലാകാലങ്ങളിൽ തീരുമാനമെടുക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കുമായി അതാത് സർവ്വകലാശാലാ വൈസ്ചാൻസലർ, ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ബന്ധപ്പെട്ട വകുപ്പ് മേധാവി എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. (4) സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുള്ള വിവിധ കമ്മിറ്റികൾ – സംസ്ഥാനത്തെ സ്വകാര്യ സോഷ്യൽ എൻജിനീയറിംഗ് കോളേജുകളിൽ പരിശോധന നടത്തുന്നതി ലേയ്ക്കും അവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതുമായി സർക്കാർ 25 –03–2011–ൽ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 481/11/ഉ.വി.വ. പ്രകാരം ഒരു ഇൻസ്പെക്ഷൻ കമ്മിറ്റിയും 03–12–2011–ലെ സർക്കാർ ഉത്തരവ് (സാധാ.)

നമ്പർ 1968/11/ഉ.വി.വ. പ്രകാരം ഒരു എക്സ്പെർട്ട് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ നിശ്ചിത ഇടവേളകളിൽ കൂടുകയും സ്വകാര്യ സ്വാശ്രയ മേഖലയിൽ കാലോചിതമായ മാറ്റങ്ങൾക്ക് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. (5) സമാന ഉദ്ദേശത്തോടുകൂടിയ കേന്ദ്ര നിയമങ്ങളും നിലവിലുണ്ട്. മേൽ വിവരിച്ചതിൻപ്രകാരം സംസ്ഥാനത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ മേഖലകൾക്ക് പര്യാപ്തമാകുംവിധം ഉന്നത വിദ്യാഭ്യാസ മേഖലയുടെ വളർച്ചയെ മുന്നോട്ടുകൊണ്ടുപോകുന്നതിനും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി നിലവിലെ സംവിധാനങ്ങൾ ശക്തമായും ഫലപ്രദമായും ഉപയോഗിക്കാമെന്നിരിക്കെ ബഹുമാനപ്പെട്ട എം.എൽ.എ. മുന്നോട്ടുവച്ചിരിക്കുന്ന പുതിയ ബിൽ നമ്പർ 123 ഉന്നത വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് ആവശ്യമാണെന്ന് തോന്നുന്നില്ല. അതുകൊണ്ടുതന്നെ പ്രസ്തുത ബിൽ നടപ്പാക്കുന്നതിനോട് യോജിപ്പില്ലെന്ന് അറിയിക്കുന്നു.

ശ്രീ. എം. ഹംസ: 2012–ൽ കേരളത്തിലെ സ്വകാര്യ മേഖലയിലെ സാങ്കേതികവും തൊഴിൽപരവുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ ബില്ലിന് ഇന്ന് പ്രസക്തിയില്ലെന്ന് പറഞ്ഞുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി നിരാകരിച്ചത്. എന്നാൽ ഇന്ന് ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ തോതിലുള്ള തകർച്ച സംഭവിച്ചിരിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പറഞ്ഞത്. എന്നുമാത്രമല്ല, ഇന്ന് എഞ്ചിനീയർമാരും ഡോക്ടർമാരും വിവാഹ മാർക്കറ്റിൽ പ്രിയപ്പെട്ടതാണ്. എന്നാൽ അവർ പഠിച്ചത് മെരിറ്റ് സീറ്റിലാണെന്ന് പരസ്യപ്പെടുത്തി മാത്രമേ വിവാഹ പരസ്യങ്ങൾ കൊടുക്കാൻ പാടുള്ളൂവെന്നുവരെ പറയത്തക്കരീതി

യിൽ ഇന്ന് ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം തകർന്നിരിക്കുന്നു. കേരളത്തിലെ സംസ്ഥാന ഗവൺമെന്റ് ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു ഉന്നതാധികാര സമിതിയെ ഇതുസംബന്ധിച്ച് പഠിക്കാനായി നിയോഗിച്ചു. ആ പഠനത്തിന്റെ റിപ്പോർട്ടുപോലും ഗവൺമെന്റിന്റെ അഭിപ്രായങ്ങൾക്ക് യോജിച്ചതല്ല. ഉന്നതാധികാര സമിതി നടത്തിയ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 105 എഞ്ചിനീയറിംഗ് കോളേജുകൾ വിദഗ്ദ്ധ സമിതി പരിശോധനയ്ക്ക് വിധേയമാക്കി. അതിൽ 23 എണ്ണത്തിന് നിലവാരമില്ല. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ 27 കോളേജുകൾ പരിശോധിച്ചപ്പോൾ 13 എണ്ണത്തിന് നിലവാരമില്ല. കോഴിക്കോട് സർവ്വകലാശാലയിൽ 24 –ൽ രണ്ടെണ്ണത്തിന് നിലവാരമില്ല. കൊച്ചി സർവ്വകലാശാലയിൽ 19 എണ്ണത്തിൽ നാലെണ്ണത്തിന് നിലവാരമില്ല. കേരള സർവ്വകലാശാലയിൽ 31 എണ്ണത്തിൽ നാലെണ്ണത്തിന് നിലവാരമില്ല എന്ന റിപ്പോർട്ട് വിദഗ്ദ്ധ സമിതിതന്നെ കേരളാ ഗവൺമെന്റിനുമുമ്പാകെ സമർപ്പിച്ചു. അപ്പോൾ ഇത് നിയന്ത്രിക്കാനുള്ള ഒരു സമിതി വേണം. ഇതിലെന്താണ് കുഴപ്പമെന്നും ആ വിദഗ്ദ്ധ സമിതി പറയുന്നുണ്ട്. കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ എം.ടെക്കുകാരല്ല പഠിപ്പിക്കുന്നത്. ബി.ടെക്കുകാരാണ് പഠിപ്പിക്കുന്നത്. ബി.ടെക്കുകാർ ബി.ടെക് പാസ്സായ ഉടനെ പഠിപ്പിക്കാനായി പോകുകയാണ്. ആവശ്യത്തിനുള്ള എം.ടെക്കുകാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇല്ല. പഠിപ്പിക്കുന്നവർ കേന്ദ്രം നിർദ്ദേശിച്ച സാങ്കേതിക വിഭാഗത്തിൽ വൈദഗ്ദ്ധ്യമുള്ളവരാണോ എന്ന് പരിശോധിക്കുന്നതിനാവശ്യമായ സംവിധാനം ഇന്ന് കേരളത്തിൽ ഇല്ല. അതുകൊണ്ട് എം.ടെക്. ഇല്ലാത്തവർ ഇന്ന് പഠിപ്പിക്കുന്നുണ്ട്. മതിയായ വേതനം കിട്ടാത്തതുകൊണ്ട് അദ്ധ്യാപകർ പഠിപ്പിക്കുന്നതിനോട് ആത്മാർത്ഥത കാണിക്കുന്നില്ല. അതിന്റെ കുഴപ്പമുണ്ട്. നല്ല ജോലി കിട്ടി

യാൽ ഇതിൽനിന്ന് മാറി വേറെ ജോലിക്ക് പോകാനായി പ്രൊഫഷണൽ കോളേജുകളിൽ അദ്ധ്യാപകരായി ജോലിക്ക് പോയവർക്ക് അവരുടെ സർട്ടിഫിക്കറ്റ് പോലും തിരിച്ചുകിട്ടുന്നില്ല. ആ രൂപത്തിലുള്ള അവസ്ഥ ഇന്ന് കോളേജുകളിലുണ്ട്. മാത്രമല്ല, പ്രവേശനത്തിന്റെ കാലഘട്ടമാകുന്ന സമയത്ത് സീറ്റുകളില്ലെന്ന പ്രചരണം നടത്തിയിട്ട് സീറ്റിനുവേണ്ടി അഡ്വാൻസ് വാങ്ങുകയും പിന്നീട് അഡ്വാൻസ് പോലും തിരിച്ചുകൊടുക്കാൻ പറ്റാത്ത രൂപത്തിലുള്ള അവസ്ഥയും അവർ സൃഷ്ടിക്കുന്നുണ്ട്. ലാബ് ഇല്ലാത്ത, ഹോസ്റ്റൽ സൗകര്യമില്ലാത്ത രീതിയിലുള്ളതാണ് ഈ മുഴുവൻ എഞ്ചിനീയറിംഗ് കോളേജുകളും. ഞാൻ ചർച്ച തുടരുന്നതാണ്.

**(vii)** <u>2012-ലെ കേരള സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പൗരൻമാർക്കുള്ള സേവനം മെച്ചപ്പെടുത്തി ഉറപ്പുവരുത്തുന്നതിനുമുള്ള ബിൽ</u>

<u>ശ്രീ. എം. ഹംസ</u>: സർ, 2012-ലെ കേരള സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പൗരന്മാർക്കുള്ള സേവനം മെച്ചപ്പെടുത്തി ഉറപ്പുവരുത്തുന്നതിനുമുള്ള ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, ഇതേ ബിൽ ചർച്ചയ്ക്ക് വരുമെന്ന് അറിയിച്ചിരുന്നു. എന്നാൽ മേൽ വിവരിച്ചിട്ടുള്ള വസ്തുതകളുടെ വെളിച്ചത്തിൽ ശ്രീ. എം. ഹംസ എം.എൽ.എ. അനുമതി തേടിയുള്ള മേൽപ്പടി ബിൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ആ വിവരം പാർലമെന്ററികാര്യ വകുപ്പിനെ

26–06–2012–ലെ 12330/എ.ആർ 12/1 നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം അറിയിച്ചിട്ടുള്ളതാണ്. അതുകൊണ്ട് ഈ ബിൽ നടപ്പാക്കുന്നതിനോട് യോജിപ്പില്ലെന്ന് അറിയിക്കുന്നു.

ശ്രീ. എം. ഹംസ: സർ, ഞാൻ ഈ പ്രമേയം അവതരിപ്പിക്കാൻ കാരണം ഇന്ന് ഗുണനിലവാരമുള്ള സേവനം പൗരന്മാർക്ക് കിട്ടുന്നില്ല, അതുപോലെ സർക്കാർ സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്കും അവരുടെ ഗുണനിലവാരം മെച്ചപ്പെടുത്താനാവശ്യമായ അവസ്ഥ കിട്ടുന്നില്ല. ഇതിനുള്ള കാരണം നമുക്കറിയാം, ഏറ്റവും അവസാനം 1977–ൽ ആണ് ഒരു ഭരണപരിഷ്ക്കാര സമിതിയെ വച്ചത്. 1977–നുശേഷം എത്ര ടെക്നോളജി മാറി. ഓരോ മാൻപവർ യൂട്ടിലൈസേഷനുവേണ്ടിയുള്ള എന്തെല്ലാം മെക്കാനിസങ്ങൾ വളർന്നുവന്നു. ഇതൊന്നും ഇന്ന് കേരള സർവ്വീസിൽ ഇല്ല. അതിന്റെ ഭാഗമായിത്തന്നെ പൗരന്മാർക്ക് ഗുണനിലവാരമുള്ള ഒരു സർവ്വീസും ഇന്ന് കിട്ടുന്നില്ല. സെക്രട്ടേറിയറ്റിൽ 1,34,633 ഫയലുകൾ കെട്ടിക്കിടക്കുന്നുവെന്നാണ് കേരള നിയമസഭയിൽത്തന്നെ പറഞ്ഞത്. കേരളത്തിലെ സെക്രട്ടേറിയറ്റുകളിൽ ഈ ഫയലുകൾ ഇങ്ങനെ കെട്ടിക്കിടക്കുമ്പോൾ അതിനാവശ്യമായ ഇ–ഗവേണൻസ് സമ്പ്രദായവും മറ്റ് ടെക്നോളജിയുമെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട് ഇത് സമയബന്ധിതമായി തീർക്കാനും ഗുണനിലവാരമുള്ള സേവനം കേരളത്തിലെ പൗരന്മാർക്ക് ലഭിക്കാനും ആവശ്യമായിട്ടുള്ള ഒരു നിയമനിർമ്മാണം ഇന്ന് കേരളത്തിൽ ആവശ്യമാണ്. കേരളത്തിൽ നിയമനിർമ്മാണത്തിനാവശ്യമായ സംവിധാനമുണ്ടാക്കണം. അതിന് ഞാൻ ഈ നിയമത്തിൽ പ്രൊപ്പോസ് ചെയ്യുന്നത് ജില്ലാതലത്തിലും സംസ്ഥാന അടിസ്ഥാനത്തിലും ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും വിദഗ്ദ്ധന്മാരും അടങ്ങുന്ന സർവ്വീസ് അപ്രൈസൽ അതോറിറ്റി വേണം. ഞാൻ ചർച്ച തുടരുന്നതാണ്.

<u>മി. സ്പീക്കർ</u>: ഓർഡർ.....ഓർഡർ......സഭ ഇപ്പോൾ പിരിയുന്നതും 25 –ാം തീയതി തിങ്കളാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 മാർച്ച് മാസം 25–ാം തീയതി തിങ്കളാഴ്ച രാവിലെ 8.30–ന് സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.30–ന് പിരിഞ്ഞു.)

***********